"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

നം.GE-DA1/128/2023-G.EDN

പൊതു വിദ്യാഭ്യാസ (ഡി.എ ) വകുപ്പ്
ഇ.മെയിൽ വിലാസം:
gednda.dept@kerala.gov.in)
ഫോൺ:0471 251 8997

തിരുവനന്തപുരം,
തീയതി: 30-11-2023

## കുറ്റപത്രം

മലപ്പുറം, നിലമ്പൂർ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസിലെ ക്ലർക്കായി സേവനമനുഷ്ഠിച്ചിരുന്ന ശ്രീ.ബിജേഷ് പി. ക്ക് നൽകുന്ന കുറ്റപത്രം .

2. താങ്കൾ മലപ്പുറം, നിലമ്പൂർ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസിലെ സി സെക്ഷൻ ക്ലർക്കായി ജോലി ചെയ്തു വരവേ സംസ്ഥാന വ്യാപകമായി നടന്ന മിന്നൽ പരിശോധന ഓപ്പറേഷൻ ജ്യോതി' യുടെ ഭാഗമായി മലപ്പുറം ജില്ലയിലെ നിലമ്പൂർ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസിൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ 17/06/2022-ൽ നടത്തിയ മിന്നൽ പരിശോധനയിൽ ചുവടെ ചേർക്കുന്ന അപാകത കണ്ടെത്തുകയുണ്ടായി.

3. എയ്ഡഡ് സ്കൂൾ എൽ.പി. വിഭാഗം കൈകാര്യം ചെയ്യുന്ന സി സെക്ഷനിൽ 2019 മുതൽ ഉള്ള വിവിധ ഫയലുകൾ സമയബന്ധിതമായി തീർപ്പു കൽപ്പിക്കാതെ പെന്റിംഗ് ആയി നിൽക്കുന്നു . ഉത്തരവാദിത്തപ്പെട്ട ഒരു സർക്കാർ ഉദ്യോഗസ്ഥൻ എന്ന നിലയ്ക്ക് താങ്കളുടെ ഭാഗത്തുനിന്നുണ്ടായ മേൽ വീഴ്ച സർക്കാർ ജീവനക്കാരുടെ പെരുമാറ്റ ചട്ടങ്ങളുടെ വ്യക്തമായ ലംഘനവും നിരുത്തരവാദപരവുമാണ്.

5 .മേൽ സാഹചര്യത്തിൽ താങ്കൾക്കെതിരെ 1960-ലെ കെ.സി.എസ്. (സി.സി.&എ) റൂൾസ് ചട്ടം 15 പ്രകാരം അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതിന് തീരുമാനിച്ചിരിക്കുന്നു. ശിക്ഷാനടപടികൾ എടുക്കാതിരിക്കാൻ കാരണമുണ്ടെങ്കിൽ ആയത് രേഖാമൂലം ബോധിപ്പിക്കാൻ താങ്കളോട് ആവശ്യപ്പെടുന്നു. താങ്കൾക്ക് പ്രതിവാദ പത്രിക സമർപ്പിക്കുന്നതിനായി ഈ കുറ്റപത്രം കൈപ്പറ്റുന്ന തീയതി മുതൽ 15 ദിവസം അനുവദിക്കുന്നു. പ്രതിവാദ പത്രികയുടെ മുൻകൂർ പകർപ്പ് നേരിട്ടും അസൽ പകർപ്പ് ഉചിത മാർഗേനയും നിർദ്ദിഷ്ട കാലാവധിക്കുള്ളിൽ സമർപ്പിക്കേണ്ടതാണ്. നിർദ്ദേശിച്ച കാലാവധിക്കുള്ളിൽ താങ്കളുടെ പ്രതിവാദപത്രിക ലഭിക്കുന്നില്ലായെങ്കിൽ താങ്കൾക്ക് ഈ കാര്യത്തിൽ യാതൊരു വിശദീകരണവും ബോധിപ്പിക്കാനില്ലായെന്നുള്ള അനുമാനത്തിൽ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.താങ്കളെ നേരിട്ട് കേൾക്കണമെങ്കിൽ അക്കാര്യവും മറുപടിയിൽ രേഖപ്പെടുത്തേണ്ടതാണ്.താങ്കൾക്കെതിരായ ആരോപണം സംബന്ധിച്ച് കുറ്റാരോപണ പത്രികയിൽ പറഞ്ഞിട്ടുള്ള പ്രസക്ത റെക്കാർഡുകൾ നോക്കാവുന്നതും അപ്രകാരം ആഗ്രഹിക്കുന്നുവെങ്കിൽ താങ്കളുടെ അപേക്ഷയിന്മേൽ മുൻകൂട്ടി നിശ്ചയിച്ചതും പ്രതിവാദപത്രിക

സമർപ്പിക്കേണ്ട അവസാന തീയതിയ്ക്ക് മുമ്പുള്ളതുമായ ഏതെങ്കിലും പ്രവൃത്തി ദിവസം ഈ കാര്യാലയത്തിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ അവ നോക്കാവുന്നതും അവയിൽ നിന്നും ഉദ്ധരണികൾഎഴുതി എടുക്കാവുന്നതുമാണ്.

6. മേൽ പറഞ്ഞ കുറ്റങ്ങൾക്ക് ആധാരമായ ആരോപണങ്ങളെ സംബന്ധിച്ച പത്രിക ഇതോടു കൂടി ചേർത്തിരിക്കുന്നു.

GEETHA GOPINATH
ഡെപ്യൂട്ടി സെക്രട്ടറി

പകർപ്പ്

ശ്രീ.ബിജേഷ് പി., ക്ലർക്ക്, ജി.ജി.എച്ച്.എസ് വണ്ടൂർ (പൊതു വിദ്യാഭ്യാസ ഡയറക്ടർ മുഖേന)

കുറ്റാരോപണ പത്രിക

ശ്രീ.ബിജേഷ് പി., മലപ്പുറം, നിലമ്പൂർ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസിലെ ക്ലർക്കായി ജോലി ചെയ്തു വരവെ 17/06/2022-ന് വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ മിന്നൽ പരിശോധന നടത്തുകയുണ്ടായി. ടി പരിശോധനയിൽ എയ്ഡഡ് സ്കൂൾ എൽ.പി. വിഭാഗം കൈകാര്യം ചെയ്യുന്ന സി സെക്ഷനിൽ 2019 മുതൽ ഉള്ള വിവിധ ഫയലുകൾ സമയബന്ധിതമായി തീർപ്പുകൽപ്പിക്കാതെ പെന്റിംഗ് ആയി നിലനിൽക്കുന്നതായി കണ്ടെത്തുകയുണ്ടായി. ശ്രീ.ബിജേഷ് പി.യുടെ ഭാഗത്തു നിന്നുണ്ടായ ടി വീഴ്ച സർക്കാർ ജീവനക്കാരുടെ പെരുമാറ്റ ചട്ടങ്ങളുടെ വ്യക്തമായ ലംഘനവും നിരുത്തരവാദപരവുമാണെന്ന് ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണ് ഈ കുറ്റാരോപണ പത്രിക.

GEETHA GOPINATH
ഡെപ്യൂട്ടി സെക്രട്ടറി